Jagratha - 057

Vol-2, Issue:23
11-07 - 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

*01. വിവാദ പാഠപുസ്തകം : വിദഗ്ദ സമിതിയെ അംഗീകരിക്കാനാവില്ല*
*02. പുരോഹിതരെ വഴിനടത്തിക്കില്ലെന്നത് വ്യാമോഹം : കത്തോലിക്കാ കോൺഗ്രസ്*
*03. ഡിവൈ.എഫ്.ഐ, എസ്.എഫ്.ഐ നിലപാട് അപഹാസ്യം : സി.എൽ.സി*
*04. പഠിക്കാതെയാണ് ഏകജാലകം നടപ്പിലാക്കിയത്: ബിഷപ് ജോൺ തട്ടുങ്കൽ*
*05. മദ്യനിരോധന സമിതി സമരം ശക്തമാക്കുന്നു.*
*06. വലിയ കുടുംബം എന്ന ആശയം മാധ്യമങ്ങൾ വികലമായി ചിത്രീകരിക്കുന്നു- കെ.സി.ബി.സി ഫാമിലി കമ്മീഷൻ*
*07. കെ.സി.ബി.സി അഖിലകേരള പ്രൊഫഷണൽ നാടക മേള 2008 -മീഡിയ കമ്മീഷൻ വാർത്ത*

### 01. വിവാദ പാഠപുസ്തകം : വിദഗ്ദ സമിതിയെ അംഗീകരിക്കാനാവില്ല – കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ

ഏഴാം ക്ലാസ്സ് സാമൂഹ്യപാഠപുസ്തകത്തെച്ചൊല്ലി വളരെയധികം വിവാദമുണ്ടായിട്ടും സത്യം മനസ്സിലാക്കുവാൻ വിദ്യാഭ്യാസ മന്ത്രിയോ സംസ്ഥാന സർക്കാരോ തയ്യാറായിട്ടില്ല. വിവാദ പാഠപുസ്തകത്തെക്കുറിച്ച് പഠിക്കുവാനും പരാതികളെപ്പറ്റി അന്വേഷിക്കുവാനും നിയമിച്ചിരിക്കുന്ന വിദഗ്ദ സമിതിയും വിവാദത്തിൽപ്പെട്ടിരിക്കുകയാണ്. ഇടതുചിന്താഗതിക്കാരായ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് സഹയാത്രികരെയും ചില സമുദായങ്ങളിലെ വിഘടിത ശബ്ദങ്ങളെ പ്രതിനിധാനം ചെയ്യുന്നവരേയും മാത്രം ഉൾപ്പെടുത്തിയാണ് വിദഗ്ദ സമിതിക്ക് രൂപം നൽകിയിരിക്കുന്നത്. പൊതുജനത്തിന്റെ കണ്ണിൽ പൊടിയിടാനാണ് ഇത്തരത്തിലുള്ള ഒരു വിദഗ്ദ സമിതിയെ പാഠപുസ്തകം പഠിക്കാൻ സർക്കാർ നിയമിച്ചിരിക്കുന്നത്. വിദഗ്ദ സമിതി പഠനം നടത്തുന്ന കാലഘട്ടത്തിലെങ്കിലും പുസ്തകം പഠിപ്പിക്കേണ്ടയെന്ന് പറയുവാനുള്ള അടിസ്ഥാന മര്യാദപോലും വിദ്യാഭ്യാസ മന്ത്രി കാണിച്ചില്ല. വിദഗ്ദ സമിതിയുടെ നിയമനത്തിൽ യാതൊരാത്മാർത്ഥതയുമില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. കേരളത്തിലെ ബഹുപൂരിപക്ഷം ആളുകളും തള്ളിപ്പറഞ്ഞ പാഠപുസ്തകം പഠിക്കുവാൻ നിർദ്ദേശിച്ച കമ്മിറ്റിയുമായി സഹകരിക്കുകയില്ലായെന്ന് കത്തോലിക്കാ സഭ വ്യക്തമാക്കിയിട്ടുണ്ട്. പതിനെട്ടംഗ സമിതിയിൽ പതിനാറു പേരും മാർക്സിസ്റ്റ് വിധേയത്വമുള്ളവരാണ്. അവരിൽ പലരും വിവാദ പാഠപുസ്തകത്തിന് പരസ്യമായി പിന്തുണ നൽകിയിട്ടുള്ളവരുമാണ്.

പാഠപുസ്തകത്തെക്കുറിച്ചുള്ള വിവാദം ശക്തമാകുന്നതുകൊണ്ടാവാം ക്രൈസ്തവ സഭയുമായി പിണങ്ങിനിൽക്കുന്ന ചില വ്യക്തികളെ സഭാ വക്താക്കളായി ചിത്രീകരിക്കുവാനുള്ള ശ്രമവും സാംസ്കാരിക നേതാക്കളുടെ അംഗീകാരം ലഭിക്കുവാനായി വിദ്യാഭ്യാസ മന്ത്രിയും ചില മാധ്യമങ്ങളും നേട്ടോട്ടത്തിലാണ്. മാത്രമല്ല, പാഠപുസ്തകത്തെ എതിർക്കുന്നവരുടെമേൽ രാജ്യദ്രോഹക്കുറ്റം ചുമത്തുവാനും രാജ്യദ്രോഹികളായി ചിത്രീകരിക്കുവാനും വിദ്യാഭ്യാസ മന്ത്രിയും ചില മാധ്യമങ്ങളും പരിശ്രമിച്ചു വരികയാണ്. പാഠപുസ്തകം പഠിക്കുവാൻ നിയമിച്ചിരിക്കുന്ന വിദഗ്ദ സമിതി വിദ്യാഭ്യാസ മേഖലയെത്തന്നെ നശിപ്പിക്കുവാൻ കൂട്ടുനിൽക്കുകയല്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തെക്കുറിച്ച് കത്തോലിക്കാ സഭയുടെ നിലപാട് വളരെ വ്യക്തമാണ്. പാഠപുസ്തകം പിൻവലിക്കുന്നതുവരെ ശക്തമായ പ്രതിഷേധ പരിപാടികൾ തുടരാനും ശക്തമാക്കാനും കൂടുതൽ ജനകീയമാക്കാനും കേരളകത്തോലിക്കാ മെത്രാൻ സമിതി തീരുമാനമെടുത്തിട്ടുണ്ട്.

രൂപതാ തലങ്ങളിലും ഇടവകതലങ്ങളിലും ജാഗ്രതാസമിതികൾ രൂപീകരിക്കുക, നാൽക്കവലകളിൽ യോഗങ്ങൾ, പൊതുസ്ഥലങ്ങളിലെ പ്രസംഗങ്ങൾ, വാഹനപ്രചരണ ജാഥകൾ, അത്മായ സംഘടനക ളുടെ നേതൃത്വത്തിൽ റിലേ സത്യാഗ്രഹങ്ങൾ, പാഠപുസ്തകത്തിലെ അപാകതകളെക്കുറിച്ച് ബോധ വത്ക്കരണം, ലഘുലേഖകൾ, സ്കൂൾ അധ്യാപകർക്ക് പ്രത്യേക ബോധവത്ക്കരണ ക്ലാസുകൾ തുട ങ്ങിയവയാണ് കേരളത്തിലെ മെത്രാൻ സമിതിയുടെ നിർദ്ദേശങ്ങൾ. മെത്രാൻ സമിതിയുടെ തീരുമാ നങ്ങൾ നടപ്പിലാക്കുവാൻ വിവിധ സംഘടനകളും രൂപതകളും ഇടവകകളും മുന്നോട്ടുവരണമെന്ന് ഐക്യ-ജാഗ്രതാ കമ്മീഷൻ ആഹ്വാനം ചെയ്തു.

## 02. പുരോഹിതരെ വഴി നടത്തിക്കില്ലെന്നത് വ്യാമോഹം: കത്തോലിക്കാ കോൺഗ്രസ് (03-07-2008)

ളോഹയിട്ട പുരോഹിതരെ വഴി നടക്കാൻ അനുവദിക്കില്ലെന്നും വേണ്ടിവന്നാൽ അവരെ തെരു വിൽ നേരിടുമെന്നുമുള്ള വിദ്യാർത്ഥി സംഘടന നേതാക്കളുടെ പ്രസ്താവന വ്യാമോഹം മാത്രമാണെന്ന് ഓൾ കേരള കത്തോലിക്കാ കോൺഗ്രസ് (എ.കെ.സി.സി). അനേകലക്ഷം ക്രൈസ്തവ വിശ്വാസി കൾ പുരോഹിതർക്ക് സംരക്ഷണം കൊടുക്കുവാനുണ്ടാകുമെന്നും എ.കെ.സി.സി ചൂണ്ടിക്കാട്ടി. വ്യവ സ്ഥാപിതവും ജനാധിപത്യപരവുമായും മാത്രം പ്രതിഷേധം പ്രകടിപ്പിക്കുന്ന ഈസ്റ്റേൺ ചർച്ച് കൗൺസിലും ക്രൈസ്തവസഭകളും എടുക്കുന്ന നിലപാടുകൾ ഇവിടുത്തെ സഭാവിശ്വാസികൾ അംഗീ കരിക്കുന്നുണ്ട്. അതിന്റെ അമരക്കാരനായ മാർ പൗവ്വത്തിലിനെയും മെത്രാൻ സമിതിയുടെ സെക്ര ട്ടറി മാർ ആൻഡ്രൂസ് താഴത്തിനെയും ക്രൈസ്തവ ദർശനം പഠിപ്പിക്കാൻ എസ്.എഫ്.ഐക്കാർ ശ്രമി ച്ചത് സാഹസമായിപ്പോയി.

## 03. ഡി.വൈ.എഫ്.ഐ, എസ്.എഫ്.ഐ നിലപാട് അപഹാസ്യം : സി.എൽ.സി (03-07-2008)

വിവാദ പാഠപുസ്തകത്തിനെതിരെ ജനമുന്നേറ്റം കണ്ട് അങ്ങാടിയിൽ തോറ്റതിന് അമ്മയോടെ ന്ന പോലെ പെരുമാറുന്ന ഡി.വൈ.എഫ്.ഐ, എസ്.എഫ്.ഐ കുട്ടിസഖാക്കളുടെ നിലപാട് അപഹാ സ്യമാണെന്ന് ക്രിസ്ത്യൻ ലൈഫ് കമ്മ്യൂണിറ്റി (സി.എൽ.സി) സംസ്ഥാന സെക്രട്ടറിയേറ്റ് കുറ്റപ്പെടു ത്തി. വിദ്യാഭ്യാസ മേഖലയിൽ മഹത്തരമായ സംഭാവന നൽകിയ സമുദായാചാര്യന്മാരെ താറടിച്ചു കൊണ്ട് അവർ പാതാളത്തോളം താഴുന്നതിലും അപമാനിതരാകുന്നതിലും ലജ്ജിക്കുന്നുവെന്നും സെക്ര ട്ടറിയേറ്റ് പറഞ്ഞു. പാലാരിവട്ടം പി.ഒ.സിയിൽ നടന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് സണ്ണി ജോസഫ് അദ്ധ്യക്ഷനായിരുന്നു. ഫാ. ജോസഫ് വയലിക്കോടത്ത്, റിജു കാഞ്ഞുക്കാരൻ, ഡെന്നി സി. ആന്റണി, സിബി ഫ്രാൻസിസ്, സിസ്റ്റർ ജ്യോതിഷ് എന്നിവർ പ്രസംഗിച്ചു. വിവാദ പാഠപുസ്തകം നിലനിർത്തിക്കൊണ്ടുള്ള വിദഗ്ദ സമിതിയെ അംഗീകരിക്കുന്നില്ല. സ്വന്തക്കാരെ മാത്രം ഉൾപ്പെടുത്തി യുള്ള കമ്മിറ്റി രൂപീകരിച്ചതിനു പിന്നിൽ വിവാദ പുസ്തകം വീണ്ടും അടിച്ചേൽപ്പിക്കാനുള്ള ദുഷ്ട ലാക്കാണെന്നും സംസ്ഥാന സെക്രട്ടറിയേറ്റ് ആരോപിച്ചു.

## 04. പഠിക്കാതെയാണ് ഏകജാലകം നടപ്പിലാക്കിയത് : ബിഷപ്പ് ജോൺ തട്ടുങ്കൽ

ദീപിക 10-07-2008

നന്മ തിന്മകളെക്കുറിച്ച് വിശദമായി പഠിക്കാതെയാണ് ഗവൺമെന്റ് ഏകജാലക സംവിധാനം നിലവിൽ കൊണ്ടുവന്നതെന്ന് കൊച്ചി മെത്രാൻ ഡോ. ജോൺ തട്ടുങ്കൽ അഭിപ്രായപ്പെട്ടു. പള്ളുരു ത്തിയിൽ വീടുള്ള വിദ്യാർത്ഥിക്ക് പ്ലസ് വണ്ണിന് അഡ്മിഷൻ കിട്ടിയിരിക്കുന്നത് പെരുമ്പാവൂരാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാക്കൂലി, ഭക്ഷണം തുടങ്ങിയ കാര്യങ്ങൾമൂലം ബുദ്ധിമുട്ട് നിരവധിയാണ്. കെ.ആർ.എൽ.സി.സിയുടെ ജനറൽ അസംബ്ലിയെക്കു റിച്ച് ഇടക്കൊച്ചിയിൽ പത്രസമ്മേളനം നടത്തുകയായിരുന്നു ബിഷപ്. ഏകജാലകം വഴി തന്റെ കുട്ടി കൾ എവിടെ പഠിക്കണം, എന്ത് പഠിക്കണം എന്ന അവകാശം മാതാപിതാക്കളിൽ നിന്ന് നഷ്ടപ്പെടു കയാണ്. കുട്ടികളുടെ ഇഷ്ടാനിഷ്ടങ്ങൾ തീരുമാനിക്കുന്നത് ഗവൺമെന്റാണ്. മെറിറ്റ് ലിസ്റ്റിൽ ഇപ്പോഴും സ്വകാര്യത നഷ്ടപ്പെട്ടിട്ടില്ല.

ലത്തീൻ സമുദായം നിരവധി അവശതകൾ അനുഭവിക്കുന്നതു മൂലം സ്ത്രീകൾ നേതൃത്വ നിരയിലേക്ക് കടന്നുവരണമെന്ന് ബിഷപ്പ് പറഞ്ഞു. സ്ത്രീകളെമാത്രം ഉൾക്കൊള്ളിച്ചുള്ള സംഘട നയ്ക്ക് രൂപം കൊടുക്കുമെന്നും സാമൂഹ്യ രാഷ്ട്രീയ രംഗത്തേക്ക് സ്ത്രീകൾ കടന്നുവരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## 05. മദ്യ നിരോധന സമിതി സമരം ശക്തമാക്കുന്നു ( 10-07-2008)

സംസ്ഥാന സർക്കാരിന്റെ മദ്യ നയത്തിനെതിരേ കേരള മദ്യ നിരോധന സമിതി നടത്തിവരുന്ന സമരം ശക്തമാക്കുന്നു. ഇതിന്റെ ഭാഗമായി 15, 16 തീയതികളിൽ സമിതി സംസ്ഥാന പ്രസിഡന്റ് ഫാ. തോമസ് തൈത്തോട്ടം സെക്രട്ടേറിയറ്റ് നടയിൽ 32 മണിക്കൂർ നിരാഹാര സത്യഗ്രഹം നടത്തും. 15- ന് രാവിലെ ഒമ്പതിനു ആരംഭിച്ച് 16- ന് വൈകുന്നേരം അഞ്ചിന് സമാപിക്കുമെന്ന് ഫാ. തോമസ് തൈത്തോട്ടവും ജനറൽ സെക്രട്ടറി ഈയാച്ചേരി കുഞ്ഞികൃഷ്ണനും അറിയിച്ചു. മദ്യഷാപ്പുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചു തദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിരുന്ന അധികാരങ്ങൾ പുന:സ്ഥാപിക്കുക, സംസ്ഥാനത്ത് ഇനി മദ്യഷാപ്പുകൾ അനുവദിക്കാതിരിക്കുക, മദ്യഷാപ്പുകളുടെ എണ്ണം കുറച്ചു കൊണ്ടുവരികയും അവധി ദിനങ്ങളുടെ എണ്ണം കൂട്ടുകയും ചെയ്യുക, സർക്കാർ സംഘടനകളുടെ സഹകരണത്തോടെ ശക്തമായ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ നടത്തുക, സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരി വസ്തുക്കളുടെ ദോഷഫലങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന പാഠഭാഗം ചേർക്കുക, പാൻ മസാലകൾ നിരോധിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണു സമിതി സമരം ചെയ്യുന്നത്. മേയ് ഒന്നു മുതൽ കണ്ണൂർ സ്റ്റേഡിയം കോർണറിൽ അനിശ്ചിതകാല റിലേ സത്യഗ്രഹം നടന്നുവരികയാണ്. കഴിഞ്ഞ എഴുപതു ദിവസങ്ങളിലായി മുന്നൂറിൽപരം ആളുകൾ സത്യഗ്രഹം അനുഷ്ഠിച്ചതായി ഫാ. തൈത്തോട്ടം പറഞ്ഞു. ഏഴായിരത്തിൽപ്പരം ആളുകൾ സത്യഗ്രഹ പന്തൽ സന്ദർശിച്ചു സമരത്തിന് പിന്തുണ അറിയിച്ചു. പ്രശസ്ത ഗാന്ധിയൻ ഡോ. സുബ്ബറാവു, പി.വി. രാജഗോപാൽ, സുഗുതകുമാരി, വി.എം. സുധീരൻ, പന്ന്യൻ രവീന്ദ്രൻ എംപി, എം.വി. രാഘവൻ, എംഎൽഎമാരായ കെ.സി. വേണുഗോപാൽ, കെ.സി. ജോസഫ്, കെ. സുധാകരൻ, തലശേരി ആർച്ച് ബിഷപ് മാർ ജോർജ് വലിയമറ്റം, കണ്ണൂർ ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ തുടങ്ങിയവർ സമരപന്തലിലെത്തി പിന്തുണ അറിയിച്ചവരിൽപ്പെടും. ഇതിനിടെ കണ്ണൂരിൽവച്ച് എക്സൈസ് മന്ത്രി പി.കെ. ഗുരുദാസന് സമിതി നൽകിയ നിവേദനത്തിന് പഠിച്ച് അഭിപ്രായം പറയാമെന്ന് മറുപടി ലഭിച്ചെങ്കിലും ഇതുവരെ അഭിപ്രായം പറഞ്ഞിട്ടില്ലെന്നും ഫാ. തൈത്തോട്ടം ചൂണ്ടിക്കാട്ടി. ഈ സാഹചര്യത്തിലാണ് സമരം ശക്തമാക്കാൻ സമിതി തീരുമാനിച്ചത്. കൂടുതൽ ജില്ലകളിലേക്ക് സമരം വ്യാപിപ്പിക്കാനും പദ്ധതിയുണ്ട്.

## 06. "വലിയ കുടുംബം" എന്ന ആശയം മാധ്യമങ്ങൾ വികലമായി ചിത്രീകരിക്കുന്നു : കെ.സി.ബി.സി ഫാമിലി കമ്മീഷൻ

കെ.സി.ബി.സി ഫാമിലി കമ്മീഷൻ പ്രോലൈഫ് മിനിസ്ട്രിയുടെ മുപ്പത്തിമൂന്നിനപരിപാടികളിൽ ഒന്നായ "വലിയ കുടുംബം" എന്ന ആശയം വളരെ തെറ്റിദ്ധാരണാജനകമായ വിധത്തിൽ മാധ്യമങ്ങൾ അവതരിപ്പിച്ചത് പ്രതിഷേധാർഹമാണ്. ജീവന്റെ സമഗ്ര പോഷണമാണ് പ്രോലൈഫ് മിനിസ്ട്രി ലക്ഷ്യം വയ്ക്കുന്നത്. അതു വെറും സെൻസേഷണലായി അവതരിപ്പിക്കുന്നത് അപകടകരമാണ്. ജീവൻ നേരിടുന്ന അനേകം വെല്ലുവിളികൾക്കെതിരെ -ദാരിദ്ര്യം, വിശപ്പ്, അക്രമം, യുദ്ധം, കൊലപാതകം, ഗർഭച്ഛിദ്രം, ദയാവധം, ആത്മഹത്യ, ശിശുപീഡനം, ബലാത്സംഗം, മദ്യം, മയക്കുമരുന്ന്, ആശ്ലീലത, പരിസരമലിനീകരണം, വേശ്യാവൃത്തി, മാനസിക പീഡനങ്ങൾ, മറ്റുള്ളവരെ ദുരുപയോഗിക്കൽ, ബാലവേല, തുടങ്ങിയവ- ജനങ്ങളെ ബോധവത്ക്കരിക്കുകയാണ് പ്രോലൈഫ് ലക്ഷ്യം വയ്ക്കുന്നത്.

ഈ പശ്ചാത്തലത്തിൽ സ്വാർത്ഥപരമായി കുഞ്ഞുങ്ങളുടെ എണ്ണം കുറയ്ക്കുന്നത് തിന്മയാണെന്ന് പ്രോലൈഫ് വിശ്വസിക്കുന്നു. ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വപിതൃത്വമാണ് നടപ്പാക്കേണ്ടത്. എല്ലാ കുടുംബവും ഒന്നോ രണ്ടോ കുഞ്ഞുങ്ങളിൽ ഒതുങ്ങുന്നത് ഗർഭനിരോധന മനോഭാവമാണ്. ജനസംഖ്യ സന്തുലിതമായി നിലനിൽക്കുന്നതിന് ഓരോ കുടുംബത്തിനും 2.1% കുട്ടികൾ വേണം. 10-15% വന്ധ്യത ഇന്ന് രേഖപ്പെടുത്തുന്ന പശ്ചാത്തലത്തിൽ ശരാശരി മൂന്നു കുഞ്ഞുങ്ങൾ വേണ്ടതാണ്. അനേകം രാജ്യങ്ങളിൽ കുഞ്ഞുങ്ങളുടെ എണ്ണം 2.1-ൽ കുറവാണ്. കേരളത്തിൽ ക്രൈസ്തവരുടെ ജനനനിരക്ക് 1.7 ആയിരിക്കുന്നു. മറ്റു മതക്കാരുടെ ജനനനിരക്കും കുറഞ്ഞിട്ടുണ്ട്. ഇക്കാര്യം ജനശ്രദ്ധയിൽപ്പെടുത്തുക മാത്രമാണ് പ്രോലൈഫ് ചെയ്യുന്നത്. എല്ലാവരും ഉണർന്ന് ചിന്തിക്കേണ്ട കാര്യമാണിത്.

ഓരോ കുഞ്ഞിന്റെയും ജനനം, ജോലിസാധ്യതയും സാമ്പത്തിക വളർച്ചയും സൃഷ്ടിക്കുമെന്ന് ധനതത്വശാസ്ത്രത്തിന്റെ പിതാവായ ആഡംസ്മിത്ത് തന്നെ പറഞ്ഞിട്ടുള്ളതാണ്. കുഞ്ഞുങ്ങളുടെ സംഖ്യ കുറയുകയും വൃദ്ധരുടെ സംഖ്യ കൂടുകയും ചെയ്യുന്നത് സമൂഹത്തിനും കുടുംബത്തിനും നല്ലതാണോ? "ചെറിയ കുടുംബം സന്തുഷ്ടകുടുംബം" എന്ന കുടുംബസംവിധാനമുദ്രാവാക്യം എത്ര കണ്ട് ശരിയാണെന്ന് പുനരാലോചിക്കേണ്ടതില്ലേ? അക്രമണപരമായ ജനനനിയന്ത്രണത്തിന്റെ അപകടം മനസ്സിലാക്കാൻ നാം വൈകരുത്. റീ കാനലൈസേഷനും സാമ്പത്തിക സഹായവും അർഹതപ്പെട്ടവർക്ക് നൽകണമെന്നേ നിർദ്ദേശമുള്ളൂ- കെ.സി.ബി.സി ഫാമിലി കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് കോട്ടയിൽ വ്യക്തമാക്കി.

## 07. കെ.സി.ബി.സി അഖിലകേരള പ്രഫഷണൽ നാടകമേള 2008

ധാർമ്മിക മൂല്യങ്ങളും ബൈബിൾ സന്ദേശങ്ങളും നടന കലയിലൂടെ അവതരിപ്പിക്കുന്ന സമിതികളേയും കലാകാരന്മാരേയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ സാമൂഹികസമ്പർക്ക മാധ്യമ കമ്മീഷൻ നടത്തുന്ന അഖില കേരള പ്രഫണൽ നാടക മത്സരം ഈ വർഷം സെപ്റ്റംബർ മധ്യത്തോടെ എറണാകുളത്ത് പി.ഒ.സി.ഓഡിറ്റോറിയത്തിൽ നടത്തുന്നു. കേരളത്തിലെ തിരുനാളുകൾക്കും, ഉത്സവങ്ങൾക്കും, മറ്റു ആഘോഷങ്ങൾക്കും കുടുംബ സദസ്സുകൾക്ക് മുൻപിൽ അവതരിപ്പിക്കാൻ കഴിയുന്ന കലാമൂല്യവും, ധാർമ്മിക ദർശനങ്ങളും ഉൾകൊള്ളുന്ന മഹത്തായ നാടകങ്ങൾ പ്രാത്സാഹിപ്പിക്കുകയെന്നതാണ് കെ.സി.ബി.സി. നാടകമേളയുടെ ഉദ്ദേശ്യം.

ഒന്നാം സ്ഥാനം ലഭിക്കുന്ന 'എ' ഗ്രേഡ് നാടകത്തിന് 5000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും നല്കും. 'എ' ഗ്രേഡ് ലഭിക്കുന്ന നാടകങ്ങൾക്ക് അർഹമായ പ്രചരണം വിവിധ മാധ്യമങ്ങളിലൂടെ നല്കുന്നതാണ്. നല്ല നടൻ, നടി, രചയിതാവ്, സംവിധായകൻ, സംഗീത സംവിധായകൻ, സഹനടൻ, സഹനടി എന്നിവർക്ക് 2000 രൂപയുടെ ക്യാഷ് അവാർഡും, ശില്പവും സർട്ടിഫിക്കറ്റും നല്കുന്നതാണ്. അവതരണച്ചെലവായി മേളയിൽ അവതരിപ്പിക്കുന്ന ബൈബിൾ നാടകങ്ങൾക്കു 3500 രൂപയും സാമൂഹ്യ നാടകങ്ങൾക്കു 3000 രൂപയും യാത്രപടിയായി കി.മി. ന് 7.00 രൂപാ നിരക്കിലുള്ള തുകയോ 2500 രൂപയോ ഏതാണോ കുറവ് അതും നല്കുന്നതാണ്. മേളയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സമിതികൾ 100 രൂപ രജിസ്ട്രേഷൻ ഫീസോടൊപ്പം നാടകത്തിന്റെ സ്ക്രിപ്റ്റിന്റെ മൂന്നുകോപ്പികൾ **2008 ജൂലായ് 31-ന്** മുമ്പ് മാധ്യമ കമ്മീഷൻ ഓഫീസിൽ എത്തിച്ചിരിക്കണം.